# അനാഥരാക്കപെടുന്ന വയോജനങ്ങൾ

.                                        (ജോളി എം പടയാട്ടിൽ)

അനാഥത്തിൻ ശൂന്യതയിൽ ജീവിക്കും വയോജനങ്ങൾ
ആർക്കുംവേണ്ടാത്ത വാർധക്യമായികഴിഞ്ഞിടുന്നു
ആരാരുമില്ലാതെയാരോടുംപറയാതെ
ദുരിതശാപവിലാപങ്ങൾനിറയുംലോകത്തു
നിന്നുയാത്രയായിടുന്നു.

കാലുഷ്യം നിറയുംമീഅസത്യസമൂഹത്തിൽ
സത്യമായിനിലകൊള്ളുവാൻകഷ്ടപെടുമെങ്കിലും
ഒററപ്പെട്ടുപോകുന്നവൻവേദന നമ്മുടെ
നീതിബോധത്തിൽചോദ്യങ്ങളുയർത്തും.

ഉൾവലിഞ്ഞാജീവിതങ്ങൾ
കെട്ടവെട്ടങ്ങളുടെ ഏകാന്തതയിൽ
പ്രത്യാശയാംനുറുങ്ങുവെട്ടംതേടിടുമ്പോൾ
ആഡംബരത്തിൽമുങ്ങിക്കുളിക്കുംമക്കൾ
വന്ന്യരാംയിവരെമറന്നിടുന്നു
ജീർണതയെതാലോലിച്ചവർ
നൻമയെതമസ്കരിച്ചിടുന്നു.

നൊമ്പരക്കടലിലും വഴിവിളക്കായി
ആൻമജ്ഞാനമാം നൻമകൾനൽകി
അല്ലലറിയാതെ പൊന്നുമക്കളെ
പോററിയയച്ചനുമമ്മയുമിന്നു
ഹൃദയംപൊള്ളികിടക്കുമ്പോൾ
അജ്ഞതയാംഅന്ധകാരത്തിൽനിന്നൊരുനാളവർ
അറിവിൻെറവെളിച്ചത്തിലേക്കു
യർത്തിയമക്കളിന്നു  ആശ്വാസത്തിൻ
സ്വാന്തനംനൽകുവാൻ മടിച്ചിടുന്നു.

ഒററപ്പെടലിൻ മുൾവേലിക്കകത്തു
അനാഥരാക്കപ്പെടുംവാർധക്യങ്ങൾ
നിത്യദുംഖത്തിൻ കയ്പ്നീർകുടിച്ച്
ജീവച്ചവങ്ങളായി കഴിഞ്ഞിടുന്നു

വെയിലിൽവാടിത്തളർന്നമക്കൾക്കൊരു-
നാൾതണൽമരമായിരുന്നവരിന്നു
തണലില്ലാതെവെളിച്ചമില്ലാതെ
തപ്പിതടഞ്ഞുനടന്നിടുന്നു.

വീട്ടിലടിഞ്ഞുകൂടും മാലിന്യങ്ങൾ
തെരുവിൽതള്ളുംപോലെ
താലോലിച്ചുവളർത്തിയമക്കളിവരെ
തെരുവോരങ്ങളിൽതള്ളിടുന്നു.

വീടിനകത്തളങ്ങളിൽ നടക്കും പീഡനങ്ങൾ
ഓർമിച്ചെടുക്കാൻ കഴിയാത്ത സ്വപ്നങ്ങൾപോലെ
ചുളിവുവീണുകുഴിഞ്ഞാനയനങ്ങളിൽമിന്നിമറയുന്നു
രോഖമല്ലീവാർധക്യം
നമ്മിൽപടരും ജീവിതയാഥാർഥ്യം.

സ്വപ്നങ്ങളില്ലാത്ത ജീവിതമില്ല സ്വപ്നവും
ജീവിതവുംഒന്നിച്ചുനീങ്ങുംപാതയുമില്ല
പദാർഥ പ്രപഞ്ചത്തെ ആശ്രയിച്ചീടും മനുഷ്യർ
പരമാർഥജ്ഞാനം വെടിഞ്ഞീടുന്നു
മരങ്ങൾവേണംമൃഗങ്ങൾവേണം
വൃധജനങ്ങൾവേണ്ടന്നിവർ

വേരില്ലാത്തമരംപോൽവിവേകശൂന്യനാംമനുഷ്യന്
ആൻമബന്തങ്ങളാംആഴങ്ങളിലേക്കിറങ്ങാനാവില്ല
ബന്തങ്ങളിലെകയ്പുനുണയാത്തവരുണ്ടാവില്ലഭുവിൽ
യുണ്ടെങ്കിലവർക്കുബന്തങ്ങളില്ലെന്നറിയുക.

കാരുണ്യത്തിനായികേഴുന്നിവരിൽ
ഈശ്വരദർശനംകണ്ടിടാതെ
ഈശ്വരനാമംജപിച്ചീട്ടെന്തുഫലം.

XXX